**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1952** **11-10-2021 - ൽ മറുപടിയ്ക്ക്**

**ദുരിതാശ്വാസ നിധിയിൽനിന്നുള്ള ധനസഹായത്തിന് കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് സഹായം ലഭ്യമാക്കുന്നതിലെ കാലതാമസം ഇല്ലാതാക്കാൻ നടപടി സ്വീകരിക്കാമോ; | (എ) | ചികിത്സ ധനസഹായത്തിന് സി.എം.ഓ. പോർട്ടൽ വഴി ലഭിക്കുന്ന ആവശ്യമായ രേഖകൾ ഉൾപ്പെടുത്തിയ അപേക്ഷകളിൽ കാലതാമസം കൂടാതെ നടപടി സ്വീകരിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത സഹായം ലഭ്യമാകുന്നതിന് വില്ലേജ് ഓഫീസിൽ നിന്നുള്ള സർട്ടിഫിക്കറ്റിന്റെ കോപ്പി സമർപ്പിച്ചിട്ടും വീണ്ടും വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന് അയയ്ക്കുന്നതിന്റെ മാനദണ്ഡം വിശദീകരിക്കാമോ; | (ബി) | അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് തുക കൈമാറുന്ന ഘട്ടത്തിൽ ചുരുക്കം ചില കേസുകളിൽ, അക്കൗണ്ട് വെരിഫിക്കേഷനായി ഫയൽ വില്ലേജ് ഓഫീസർക്ക് അയച്ച് ഉറപ്പാക്കേണ്ടി വരും..കൂടാതെ ആവശ്യം വേണ്ട രേഖകളുടെ അഭാവത്തിലും ന്യൂനതകൾ പരിഹരിക്കുന്നതിന് വേണ്ടിയും വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് തേടാറുണ്ട്. |
| (സി) | പ്രസ്തുത സഹായം ലഭ്യമാക്കികൊണ്ടുള്ള സർക്കാർ ഉത്തരവ് ഇറക്കുവാൻ മാസങ്ങൾ എടുക്കുന്ന ദുരവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുമോ; വ്യക്തമാക്കാമോ? | (സി) | ചികിത്സ ധനസഹായം അനുവദിക്കുന്നതിന് അപേക്ഷയോടൊപ്പം ഗുണഭോക്താവിന്റെ പേരുൾപ്പെടുന്ന റേഷൻ കാർഡിന്റെ പകർപ്പ്, 2 ലക്ഷം രൂപയിൽ താഴെ പരിധിയുള്ള വരുമാന സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്സ് ബുക്കിന്റെ ആദ്യ പേജ്, രോഗവിവരം വ്യക്തമാക്കി പ്രതിപാദിക്കുന്ന 6 മാസ കലാവധിയ്ക്കകത്തുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് തുടങ്ങിയ രേഖകൾ ഉൾപ്പെടുത്തിയ അപേക്ഷകളിൽ കാലതാമസം കൂടാതെ നടപടി സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ